

# സാഫല്യം

# ഡിജിറ്റൽ മാഗസിൻ

ലിറ്റിൽ കൈറ്റ്സ്

ജി.വി.എച്ച്.എസ്.എസ്.മമ്പാട്

# എഡിറ്റോറിയൽ

രാജ്യത്തെ വളർത്തികൊണ്ട്
വരുന്നതിന് ഡിജിറ്റൽ രംഗത്തും
വിദ്യാഭ്യാസരംഗത്തും ഉണ്ടാകേണ്ട മാറ്റം വളരെ
പ്രാധാന്യം അർഹിക്കുന്നു. അത്തരത്തിലുള്ള
സ്വാഗതാർഹമായ ഒരു കാൽവയ്പ്പാണ്
'ലിറ്റിൽകൈറ്റ്സ് ക്ലബ്ബ് '

## എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ :ഷംസുദ്ദീൻ എം.കെ**

**സഹഎഡിറ്റർ :സന്ധ്യ എം.എസ്**

**സ്റ്റുഡൻറ്എഡിറ്റേഴ്സ്:**

**ഷഹന,സ്നേഹ,തീർത്ഥ,റാഹിമോൾ**

**ഹിബ ഷെറിൻ,ഹിബ ഷെബിൻ,സിംസിന**

# മുഖവുര

ലോകമെങ്ങും സ്മാർട്ട്ഫോണും റോബോട്ടിക്സും ആളിപ്പടരുന്നതോടൊപ്പം ഇന്ത്യൻ ഐ.ടി.മേഖല അഞ്ചാമത് സൈബർസ്പേസ് വിപ്ലവത്തിലേക്ക് കടന്നിരിക്കുന്നു.ദൈനംദിനം പല ആപ്പുകളും പിറവിയെടുക്കുന്നു.

ഏതുതരം വിജ്ഞാനവും എവിടെനിന്നും എവിടേക്കും പ്രകാശവേഗത്തിൽ കൊണ്ടുപോകാൻ സാധ്യമായ ഈ യുഗത്തിൽ അത് പ്രയോജനപ്പെടുത്തി സ്വന്തമായ വ്യക്തിമുദ്ര പതിപ്പിക്കാനുള്ള ഒരവസരമാണ് ഞങ്ങൾ 'ലിറ്റിൽകൈറ്റ്സ് 'അംഗങ്ങൾക്ക് ഈ മാഗസിൻ തയ്യാറാക്കുന്നതിലൂടെ കൈവന്നിരിക്കുന്നത്.

എല്ലാ മനുഷ്യരും വ്യത്യസ്തസർഗവാസനകളോടെയാണ് ഈ ഭൂമിയിൽപിറന്നുവീഴുന്നത്ചിലരതിനെപരിപോഷിപ്പിക്കുന്നു .അത്തരമൊരു കാൽവയ്പാണ് ശാസ്ത്രകുതുകികളായ ഞങ്ങൾ ഇതിലൂടെ നടത്തുന്നത്.

വിദ്യാർത്ഥികളായ ഞങ്ങൾക്ക് 'ലിറ്റിൽകൈറ്റ്സ് ക്ലബ്ബ് 'നൽകുന്ന അവസരങ്ങൾ വളരെ വലുതാണ്.മൊബൈൽആപ്പ് ഡെവലപ്മെന്റും ആനിമേഷനും എല്ലാം ഞങ്ങളിലെ സർഗാത്മകതയും സാഹിത്യാദിരുചിയും വളർത്തിയെടുക്കാൻ സഹായിക്കുന്നു.

മണ്ണിനോടും ജീവിതത്തോടും ബന്ധമുള്ള രചനകൾ സാങ്കേതികവിദ്യയുടെ സഹായത്തോടെ നിങ്ങളിലേക്കെത്തിക്കാനുള്ള എളിയശ്രമമാണിത്.സ്വീകരിക്കുമല്ലോ.................

**ചീഫ് എഡിറ്റർ**

# ആശംസകൾ

# സാഫല്യം

## ഉള്ളടക്കം

05ആശംസകൾ
06സാന്ത്വനംടി ശിവൻകുട്ടി
07പ്രളയമേ നീ സന്ധ്യ
08 കാട്ടിലെ തിര ഞ്ഞെടുപ്പ് മാജിദ നസ്റിൻ
09അപരിചിതരുടെ മഴ ഷൈബ
10ഞാനെന്ന കുട്ടി പൂച്ച ഷഹന
11 തൊട്ടാവാടിതീർത്ഥ
12 കാത്തിരുപ്പ്ഷാമിൽ
14 കുഞ്ഞുണ്ണി മാഷും കുട്ടികളുംറാഹി മോൾ
15 കാക്കയയും കുറുക്കനുംഷാമിൽ
16 ബാല്യംഹിബ
17 മടിയനായ കുട്ടിഷഹന
19 അത്യാഗ്രഹം ആപത്ത്ഹുസ്ന ഫാത്തിമ
21 ഇൻഫോബിറ്റ്സ്സിംസിന
23 ഓർമ്മയുടെ ജാലകംതീർത്ഥ
24 മരണം കാത്ത് കണ്ടൽകാട്ടുകൾ ഷഹന
28 ഇൻഫോബിറ്റ്സ് സ്നേഹ സുനിൽ

# സാന്ത്വനം

വേദനിക്കുന്നവർക്കാ-
യെന്നും ഹേ! സഖീ,
സാന്ത്വനത്തിന്റെ
കരങ്ങൾ നാം നീട്ടണം
സ്നേഹവും ത്യാഗവു-
മല്ലോ പ്രണയത്തിൻ
വേരുകൾ; വാഴ്‌വിന്റെ-
മണ്ണിലുറയ്ക്കുന്നു.
എന്റെ കരൾത്തുടി-
പ്പോരോന്നുമോരോ
നിമിഷവും നിന്റെ-
സംസ്പർശനം മോഹിച്ചു
വിടരാതെ മൊട്ടായ്-
ക്കരിഞ്ഞതിൻ വേദന
ഞാനെത്ര തിന്നു-
മരവിച്ചിരിക്കുന്നു!
ഒന്നായ നാമിനി-
ഒന്നായിത്തന്നെയീ
ലോകത്തിനായി-
സുഗന്ധം പരത്തണം.
രോഗ ദുരിതങ്ങൾ-
പേറുന്ന ജീവികൾ-
ക്കാനന്ദമേകുന്ന-
മാരുതനാവണം.

**ടി.ശിവൻകുട്ടി**

# പ്രളയമേ നീ

പ്രളയമേ നിനക്കുമുൻപും
ഈ ഭൂമി മനോഹരമായിരുന്നു
നിനക്കു ശേഷവും
ഭൂമി മനോഹരിയായിരിക്കുന്നു
പുതിയ പുഴകളും ചാലുകളും
മലകളും മരങ്ങളും പുതുവഴിത്താരയും
കൂടൊരുക്കാൻ പൂമരങ്ങൾ തേടിയും
ഇണകളെ തിരഞ്ഞും നാട്ടുപക്ഷികൾ
ചിന്നിചിതറിയ വിണ്ണും മണ്ണും
പുതുനാമ്പിടാൻ തുടിക്കും ചെടികളും
മനുഷ്യൻ മനുഷ്യനെ മനുഷ്യനായ് കണ്ടതും
ഉണ്ണിവയറുകൾ വേവലോടാർത്തതും
എന്തെന്തു കാഴ്ചകൾ നിരത്തി നിരത്തി
നീ വീണ്ടും ഭൂമിയെ മനോഹരിയാക്കി
ഭാവങ്ങളാടും താണ്ഡവനൃത്തമായ
ആളലായ് ദുഃഖമായ് ഉയിർത്തെഴുന്നേൽപ്പായ്

സന്ധ്യ

# കാട്ടിലെ തിരഞ്ഞെടുപ്പ്

സൂര്യനുദിച്ചു.നിശബ്ദമായിക്കിടക്കുന്ന കിങ്ങിക്കാട് പതിയെ ഉണരാൻ തുടങ്ങി.കിങ്ങിണിക്കാട്ടിലെ കൂട്ടുകാർക്ക് ഇന്ന് ഒരു സന്തോഷമുള്ള ദിവസമാണ്. കാരണം ഇന്നാണ് തങ്ങളുടെ രാജാവിനെ തിരഞ്ഞെടുക്കുന്നത്. നേരം സൂര്യൻ ഉച്ചിൽ എത്തിയപ്പോൾ കാട്ടിലെ കൂട്ടുകാർ  ആൽ മുത്തശ്ശന്റെ അടുത്ത് തടിച്ചുകൂടി അങ്ങനെ നിന്നു. മൃഗങ്ങളിലെ രാജാവായി സിംഹത്തേയും പഴങ്ങളിലെ രിജാവായി മാമ്പഴത്തേയും മരങ്ങളിലെ രാജാവായി ആലിനേയും തിരഞ്ഞെടുത്തു. എല്ലാവരും തങ്ങൾക്കൊരു രാജാവിനെ കിട്ടിയ സന്തോഷത്തിൽ വീട്ടിലേക്ക് മടങ്ങി. സഹസാക്ഷ്രനായ സൂര്യൻ അസ്തമിച്ചു.

കിങ്ങിണിക്കാട് നിശബ്ദതയിലേക്ക് മടങ്ങി.  ഇരുട്ടിൽ ഒരു പപ്പടം ആകാശത്ത് വന്നു. പിന്നെ എണ്ണിയാലൊടുങ്ങാത്ത നക്ഷത്രങ്ങളും മറ്റൊരു പുതിയ പകലിനായി കിങ്ങിണിക്കാട് കാത്തിരിക്കുന്നു

മാജിദാ നെസ്റിൻ.കെ. പി.

# അപരിചിതരുടെ മഴ

പ്രണയത്തിൽ കുതിരണമെന്ന് കരുതിയാണ്
പുറത്തെ മഴയെ അകത്തേക്ക് കൊണ്ടു  വന്നത്
കോരിച്ചൊരിയുന്ന മഴ കണ്ടു കൊണ്ട്,
ചേർന്നിരുന്ന് കഥകൾ പറയാമെന്ന് കേട്ട്
വ്യാമോഹിച്ചരുന്നു...
ഓടിറമ്പിലൂടെ കോരിച്ചൊരിഞ്ഞ
വെള്ളിത്തോരണങ്ങളിൽ
പ്രണയം തിരഞ്ഞ് മടുത്തപ്പോൾ
മഴയെ ശപിക്കാൻ തുടങ്ങി....
നമ്മളിപ്പോഴും അപരിചിതരാണ്.
അങ്ങനയെ ആവാൻ പറ്റൂ....
കാരണം
എന്നെ തളച്ചിട്ടിരിക്കുന്നത്
അടുക്കളയിൽ ആഴത്തിൽ തറച്ചിട്ട കുറ്റിയിലാണ്.
എങ്ങോട്ട് പോയാലും
കുറ്റിക്കടുത്തുതന്നെ
തറഞ്ഞുനിൽക്കാൻ ശീലിച്ചമൃഗം.

**ഷൈബ HS മലയാളം**

## ഞാനെന്ന കുട്ടിപ്പൂച്ച

എന്റെ പേര് കിങ്ങിണി എന്നെ എല്ലാവരും കിങ്ങിണി എന്നാണ് വിളിക്കുന്നത്. എന്നെ എല്ലാവർക്കും ഇഷ്ടമാണ്. പക്ഷെ,ഞങ്ങളുടെ നാട്ടിൽ ഒരു കണ്ടൻ പൂച്ചയുണ്ട് ആ പൂച്ച എപ്പോഴും എന്നെ വഴക്കുപറയും.

കണ്ടൻ പൂച്ചഞാൻ കളിക്കുന്ന സ്ഥലത്ത് വന്ന് വഴക്കു പറയും എന്നിട്ട് അവിടുന്ന് കളിക്കാൻ എന്നെയും എന്റെ കൂട്ടുകാരേയും സമ്മതിക്കില്ല.

ഞങ്ങളുടെ ഗ്രാമത്തിൽ ഏറ്റവും നല്ല കുട്ടി ഞാനാ. ഞാനെന്ന കുട്ടി പ്പൂച്ച. എന്നാൽ ഞങ്ങളുടെ ഗ്രാമത്തിലെ മോശപ്പെട്ട ആളാണ് കണ്ടൻ പൂച്ച .എല്ലാവരേയും ഉപദ്രവിക്കുന്നതാണ് കണ്ടൻ പൂച്ചയുടെ ഹോബി. കുട്ടികളെ മാത്രമേ കണ്ടൻ പൂച്ച ഉപദ്രവിക്കാറുള്ളൂ പിന്നെ ഗ്രാമത്തിനടുത്തായി ഒരു വലിയ കാടുണ്ട്. ആ കാട്ടിലേക്ക് പോവാൻ എല്ലാവർക്കും പേടിയാണ്.ആരും ആ കാട്ടിലേക്ക് പോവാറില്ല. ഞങ്ങളുടെ ഗ്രമത്തിലെ നല്ല കുട്ടിയായ എനിക്ക് വർഷത്തിൽ ഒരിക്കലെങ്കിലും സമ്മാനംലഭിക്കാറുണ്ട്. എനിക്ക് നല്ല സന്തോഷവും ഉണ്ടാവാറുണ്ട്.

**ഷഹന.പി.ട്ടി**

# തൊട്ടാവാടി

തൊട്ടാൽക്കുമ്പുന്നോരി കുസൃതിക്കാരി
നിനക്കിതാരീ പേരിട്ടു
കാറ്റിൽആടി ഉല്ലസിച്ചും
പൂക്കൾ വിടർത്തി പുഞ്ചിരിച്ചും
നീ കളിയാടീടുമ്പോൾ
നിന്നെ തൊട്ട് മയക്കുവാൻ
കുട്ടിയായ എനിക്ക് ഇഷ്ടമാണ്

എന്നെ കാണുമ്പോൾ ഭയക്കുന്ന
തൊട്ടാവാടീ, നിനക്കെന്നെഇഷ്ടമാണോ
നിന്നെ ചുറ്റിപറക്കുന്ന പൂമ്പാറ്റയോ
വണ്ടോ ആയിരുന്നെങ്കിൽ എന്ന്
എന്റെ മോഹങ്ങൾക്ക് ഉണർവേകി
കുമ്പിനിൽക്കുമീ മനോഹരീ.

തീർത്ഥ

# കാത്തിരിപ്പ്

അച്ഛനെ ഏറെസ്നേഹിക്കുന്ന മിടുക്കിക്കുട്ടിയാണ് മീനു. അവൾക്ക് അച്ഛനാണ് എല്ലാം.അച്ഛൻവാരികൊടുത്താലെ അവൾ ഭക്ഷണം പോലും കഴിക്കുകയുള്ളൂ. അസൂയ കാരണംഅവളുടെ അമ്മ പറയും,നൊന്ത് പ്രസവിച്ചത് ഞാൻ, എന്നിട്ട്സ്നേഹം മുഴുവനും അച്ഛന്.

അങ്ങനെയിരിക്കെ ഒരു ദിവസം മീനുവിന്റെ അച്ഛന്റെ സുഹൃത്ത് മീനുവിന്റെ അച്ഛന് വിദേശത്ത് ഒരു ജോലി ശരിയാക്കിയിട്ടുണ്ട് എന്ന് പറഞ്ഞ് വന്നു. അങ്ങനെ അവളുടെ അച്ഛൻ വിദേശത്തിലേക്ക് പറന്നു.അതിനു ശേഷമുള്ളകാലം അവൾക്ക് ദുഃഖ മഴയുടെ കാലമായിരുന്നു. അങ്ങനെ കാലങ്ങൾ ഒഴുകി. ഒരു ദിവസം അവളുടെ അ്ച്ഛൻ ഫോൺ വിളിച്ചപ്പോൾ ആ സന്തോഷവാർത്ത പറഞ്ഞു, ഞാൻ ഈ വരുന്ന 10–ാം തിയ്യതി വരുന്നുണ്ട് എന്ന്. അങ്ങനെ ആ ദിവസമെത്തി .

ഇന്നാണ് മീനുവിന്റെ അച്ഛൻ വരുന്നത്. ബന്ധുക്കൾ വീട്ടിലേക്ക് വരാൻ തുടങ്ങി. അപ്പോഴാണ് അവൾ ഓർത്തത് അച്ചൻഫോണിൽ വിളിച്ചപ്പോൾ പറഞ്ഞ ആ വലിയപാവക്കുട്ടിയെ കുറിച്ച്. ബന്ധുക്കൾ വന്നതുകാരണം അവൾ ഭയന്നു തനിക്ക് ആ പാവകിട്ടല്ലന്ന് അവൾ ഭയന്നു.

അവൾ തന്റെ അച്ചന് ഏറ്റവും ഇഷടപ്പെട്ട നിറയെമരങ്ങളുള്ള പറമ്പിലേക്ക് ഓടി. അച്ഛൻ വരുമ്പോൾ ആ കാറിൽ കയറി ആ പാവയെ എടുക്കണം എന്ന ഉദ്ദേശത്തോടെയാണ് അവൾആ പറമ്പിൽ നിന്നത്. കുറച്ചുനേരം കഴിഞ്ഞപ്പോൾ ഒരു വാഹനത്തിന്റെ ശബ്ദം അവൾ കേട്ടു. അവൾ വിചാരിച്ചു അത് തന്റെ അച്ഛനായിരിക്കും എന്ന്. പക്ഷെ, അത് ഒരു ആംബുലൻസായിരുന്നു. അത് അവളുടെ വീട്ടിലേക്കായിരുന്നു.അവൾ വീട്ടിലേക്ക് ഓടി. അവിടെ എത്തിയപ്പോൾ അവളുടെ അമ്മ പൊട്ടികരയുന്നു. വെള്ളതുണിയിൽ പൊതിഞ്ഞ ഒരാളെ രണ്ട് മൂന്ന്

പേർ ചേർന്ന് വീടിനകത്തേക്ക് എടുത്ത് വെക്കുന്നത് അവൾ കണ്ടു. അവൾ ആ പൊതിഞ്ഞ ആളുടെതലയുടെ ഭാഗത്തിലെ തുണി മാറ്റി നോക്കി, അച്ഛൻ!! അത് അവളുടെ അച്ഛനായിരുന്നു.

അവൾ ഉറപ്പിച്ചു അത് അവളുടെഅച്ഛനല്ലന്ന്.അച്ഛന്റെ സംസ്കാര ചടങ്ങുകൾ അച്ഛന് ഏറ്റവുംഇഷടപ്പെട്ട ആ പറമ്പിൽ ......ആ മണ്ണിൽ വച്ച് നടന്നു.വിദേശത്ത് നിന്ന് വരുന്ന അച്ഛനെ

കാത്ത് മീനു എന്നും ആ പറമ്പിൽ കാത്ത് നിൽക്കും. ***ഷാമിൽ***

# കുഞ്ഞുണ്ണി മാഷും കുട്ട്യോളും

മലയാളത്തിലെഏറ്റവുംപ്രസിദ്ധകവിയാണ്'' ''**കുഞ്ഞുണ്ണി മാഷ്'' 1927 may 10** ന് ജനിച്ചു. കോഴിക്കോട് രാമകൃഷണ മിഷൻ ഹൈസ്കൂളിൽ ദീർഘകാലം അദ്ധ്യപകനായി സേവനമനുഷ്ഠിച്ചു. ഇപ്പോൾ വിശ്രമ ജീവിതം നയിക്കുന്നു.

**കൃതികൾ , ചെറിയ കവിതകൾ, പഴമൊഴി_പത്തായം, രാഷ്ട്രിയം, ഊണ് തൊട്ട് ഉറക്കം, നമ്പൂരി ഫലിതങ്ങൾ**

**''വായിച്ചാലും വായിച്ചില്ലെങ്കിലും വളരും**
**_വായിക്കാതെവളയെും വായിച്ചാൽ വിളയും''**

വരണ്ട്കിടക്കുന്ന നമമുടെ ബാലസാഹിത്ത്യശാഖയ്ക്ക് മുതൽ കൂട്ടാണ് കുഞ്ഞുണ്ണി മാഷും കുട്ട്യോളും തലമുറയുടെ മുഴുവൻഎഴുത്തുകാരുടെയും വഴികാട്ടിയുമാണ്

കുഞ്ഞുണ്ണി മാഷ് കുട്ടികളുടെ കത്തുകളും അവയ്ക്ക് മാഷെയുതിയ മറുപടിയാണ് കുഞ്ഞുണ്ണി മാഷും കുട്ട്യോളും എന്നതിൽ ഈപുസ്തകത്തിന്റെ അടിയിൽകാണുന്നത് മൊഴിമുത്തുകളാണ്. അവമനപാഠമാക്കുക. അത് നമമുടെ ജീവിതത്തിൽ വലിയ ഗുണംചെയ്യും

* **ഒരു കാര്യംപഠിക്കുമ്പോൾ പത്ത്കാര്യം പഠിഞ്ഞീടും**
* **ആദ്യം കയ്ക്കുംസത്യം പിന്നെ കയ്ക്കുമസത്യം**
* **ഒന്നിച്ചാൽ സുഖം കിട്ടും ഭിന്നിച്ചാൽ ദുഃഖം കിട്ടും**

# <u>കാക്കയും കുറുക്കനും</u>

2017 Nov 19 നാണ് പുതിയ കാക്ക വന്നത്. കാക്കക്ക്കിട്ടിയത് ഒരു ചിക്കൻപീസാണ്.മരങ്ങളൊന്നും ഇല്ലാത്തതിനാൽ ഇലട്രിക്ക് പോസ്റ്റിലാണ് കാക്ക ഇരുന്നത്.പഴയതു പോലെ ഒരു പുതിയ കുറുക്കൻ അവിടെ എത്തി.കുറുക്കൻ പുതിയതാണെങ്കിലും ബുദ്ധി പഴയതാണ്.

കുറുക്കൻ ചിക്കൻപീസ് കണ്ടു.അവന്റെ വായിൽ അരുവിപോലെ വെള്ളമൂറി.അവൻ കാക്കയോട് ചോദിച്ചു;"My dear കാക്കെ how are you"കാക്ക ഒന്നും മിണ്ടിയില്ല.കുറക്കൻ വീണ്ടും ചോദിച്ചു;"My dear കാക്കെ നിന്റെ മനോഹരമായ ഗാനം കേട്ടിട്ട് എത്ര നാളായി,നിന്റെ ആ മനോഹരമായ സ്വരം ഒന്ന് കേൾപ്പിക്കാമോ? കുറക്കന്റെ സൂത്രം മനസ്സിലാക്കിയ കാക്ക തന്റെ ചുണ്ടിലുള്ള ചിക്കൻ പീസ് കാലിനടിയിൽ വെച്ച് പാടി;"ക്രാ,ക്രാ,ക്രാ"കുറുക്കൻ പഴയതുപോലെ കിട്ടാത്തമുന്തിരി പുളിക്കും എന്ന മട്ടിൽ സ്ഥലം വിട്ടു.

ഷാമിൽ 8D

# ബാല്യം

മാൺപൂക്കൾ തൻ മണം മനം നിറയ്ക്കാൻ
ഊന്നുവടിയും കുത്തി മോണകാട്ടി ചിരിച്ച്
കുടൊഴിയാനായ് വെമ്പുന്ന ചുണ്ടിൽ
വിടർന്നു ഒരു നറു പുഞ്ചിരി

ആമ്പൽ പൂവും മുക്കുറ്റിയും
താലോലിച്ചും പൂക്കളിറുത്തും
കുളത്തിൽ ചാടിയും പാടത്ത് ചേറിൽ-
പുരണ്ടും മറിഞ്ഞും തിമിർത്തതും

# മടിയനായ കുട്ടി

ഒരു ഗ്രാമത്തിൽ മടിയനായ ഒരു കുട്ടിയുണ്ടായിരുന്നു. ആ കുട്ടിയോട് പഠിക്കാൻ പറഞ്ഞാൽ എപ്പോഴും മടിയായിരുന്നു .പക്ഷെഒരുദിവസംആകുട്ടികളിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് ആ നാട്ടിലേക്ക ഒരു ചെന്നായ വന്നു എന്നറിഞ്ഞത്. അപ്പോൾ തന്നെ അവൻ പെട്ടെന്ന് വീട്ടിലേക്ക് ഒടി. ഓടിച്ചെന്നപ്പോൾ. അവനോട് അവന്റെ അമ്മചോദിച്ചു.എന്താ എന്താ മോനെ നീഓടി വന്ന് പഠിക്കാൻ അവിടെ ഇരിക്കുന്നത് നിനക്ക് എന്തുപറ്റി. അപ്പോൾ അവൻ പറഞ്ഞു.അത്, അമ്മേ.എന്തോ എനിക്ക് പഠിക്കാൻ ഇപ്പോൾ നല്ല ആഗ്രഹം തോന്നുന്നു. അപ്പോൾ അമ്മ വിചാരിച്ചു.ഞേ. ഇവനെന്താഇപ്പോൾഇങ്ങനെതോന്നാൻകാരണംഎന്താണെന്ന റിയില്ലല്ലോ...അപ്പോൾ അവൻ വിചാരിച്ചു.എന്തായാലും അമ്മയ്ക്കൊന്നും മനസ്സിലായിട്ടില്ല.അതുമതി.

പിന്നെ കുറച്ച് കഴിഞ്ഞപ്പോൾ അമ്മ അവനോട് ചോദിച്ചു. എന്താ മോനേ. നിനക്കെന്തോ പന്തികേടുണ്ടല്ലോ. എന്താണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. എന്തയാലും നീ തന്നെ അതിനുള്ള ഉത്തരം എനിക്ക് നൽകണം?അവൻ മറുപടി പറഞ്ഞു.അമ്മേ അതു ഞാൻ കൂട്ടുകാരുടെ കൂടെ കളിക്കുകയായിരുന്നു. അപ്പോൾ ആരോ ഉറക്കെ വിളിച്ചു പറഞ്ഞു. ഈ നാട്ടിൽ ഒരു ചെന്നായ ഇറങ്ങിയിട്ടുണ്ടെന്ന്. അതുകൊണ്ടാണ് ഞാൻ പെട്ടെന്ന് ഒടിവന്ന് പഠിക്കാൻ

ഇരുന്നത്."പിന്നെ അമ്മ പറഞ്ഞു.  സാരമില്ല മോനേ എന്നാൽ നീ ഇരുന്ന് പഠിച്ചോ കേട്ടോ.അങ്ങനെ മടിയനായ കുട്ടി. നല്ല കുട്ടിയായി പഠിക്കാൻ തുടങ്ങി. അമ്മയുടെ വിഷമം മാറുകയും ചെയ്തു.

**ഷഹന.പീ.ട്ടി**

# അത്യാഗ്രഹം ആപത്ത്

ഒരിക്കൽ അതിസുന്ദരിയായ ഒരു ദേവതയുണ്ടായിരുന്നു.ആ ദേവതയെ എല്ലാ ദേവതകൾക്കും വളരെ അധികം ഇഷടമായിരുന്നു.എല്ലാവരും അവളെ ബ്യൂട്ടി ദേവത എന്നായിരുന്നു വിളിച്ചിരുന്നത്.പക്ഷെ, രണ്ട് ദേവതകൾക്ക് അവളോട് വളരെ അധികം അസൂയ ഉണ്ടായിരുന്നു.ബ്യൂട്ടി ദേവതെയ കുടുക്കാൻ വേണ്ടി പല സൂത്രവും അവർ ഉണ്ടാക്കിയിരുന്നു.ഒരിക്കൽ ബ്യൂട്ടി ദേവത കേൾക്കാൻ വേണ്ടി അവർ രണ്ട് പേരും ഉറക്കെ സംസാരിച്ചു.അങ്ങേ മലയിൽ ഒരു വലിയ പൂവുണ്ട്.അതിൽ നിറയെ തേനുണ്ട്

ആ തേൻ കുടിച്ചാൽ അതിസുന്ദരിയാവുകയും ദേവതകളുടെ റാണിയാവുകയും ചെയ്യും.ഇതു കേട്ടപ്പോൾ ബ്യൂട്ടി ദേവതയ്ക്ക് എന്തോ പന്തികേട് ഉള്ളതായി തോന്നി.മാത്രമല്ല ബ്യൂട്ടി ദേവതയെ വഞ്ചിക്കുകയാണെന്ന് ദേവതയ്ക്ക് മനസ്സിലായി.'അവർക്ക് എന്റെ ഭംഗിയിൽ അസൂയയാണ്"എന്നും ബ്യൂട്ടിക്ക് മനസ്സിലായി.അവൾ വിട്ടു കൊടുത്തില്ല.വേറെ ഒരു ദിവസം രണ്ട് ദേവതകൾ വരുന്ന വഴി നോക്കി ബ്യൂട്ടി ദേവത ഒരു ദേവതയോട് പറഞ്ഞു. ഞാൻ ഒരി സൂത്രം പ്രയോഗിക്കാൻ പോവുകയാണ്." നീ അതിന് എന്നെ സഹായിക്കുമോ?" ആ ദേവത സഹായിക്കാം എന്ന് സമ്മതിച്ചു.അസൂയക്കാരിയായ മറ്റ് രണ്ട് ദേവതകൾ വരുന്നത് കണ്ട് അവർ സൂത്രം പ്രയോഗിച്ചു. ബ്യൂട്ടി ദേവത മറ്റു ദേവതയോട് രഹസ്യമായി പറയുന്നത്പോലെ അവർ അഭിനയിച്ചു.

ബ്യൂട്ടിയും,ദേവതയും സംസാരിക്കുന്നത് കേട്ട് അസൂയ ദേവതക്കാർ ഒളിച്ചിരുന്ന് കേട്ടു.ബ്യൂട്ടി ദേവത പറഞ്ഞു;"നോക്കു ദേവതെ,ഞാൻ ഒരു കാര്യം പറഞ്ഞാൽ നീ ആരോടും പറയരുത്.ഞാൻ

അതിസുന്ദരിയായിരിക്കാൻ കാരണം ഒരു പൂവാണ്.അതിലുള്ള തേനാണ് ഞാൻ ഭക്ഷിക്കാറുള്ളത്.ഇത് കേട്ടപാടെ ഈ പൂവും തേടി അസൂയ ദേവതകൾ പോയി.അങ്ങനെ അവർ ആ പൂവ് കണ്ടെത്തി ആ പൂവ് കാണാൻ നല്ല ഭംഗി ഉണ്ടായിരുന്നു.ആ പൂവ് കണ്ട് ഒരു ദേവത പറഞ്ഞു."ഇത്ര മനോഹരമായ പൂവിൽ നിന്ന് തേൻ കുടിച്ചാൽ ഭംഗി കൂടാതിരിക്കില്ല".ഇതും തറഞ്ഞ് രണ്ട് ദേവതകൾ തേൻകുടിക്കാൻ പൂവിൽ തൊട്ടതും ആ പൂവ് അവരെ ഭക്ഷിച്ചു.

ഹസ്ന ഫാത്തിമ .കെ

# INFOBITS

A-Analog computer കീബോർഡ് ഉപയോഗിക്കാതെ
വിവരങ്ങ കമ്പ്യൂട്ടറിലേക്ക് കൊടുക്കുന്നത്.

B – Back up – ഒരു കമ്പ്യൂട്ടർ ഫയലിൻെ ആദ്യ കോപ്പി നഷ്ടപ്പെട്ടാൽ
ഉപയോഗത്തിനായി രണ്ടാമത് എടുക്കുന്ന കോപ്പി.

C – Character – കമ്പ്യൂട്ടറിൽ സൂക്ഷിക്കാവുന്ന തോ
സ്വീകരിക്കാവുന്ന തോ ആയ ഏതെകില്ല ചിനത്തേയോ
അക്ഷരത്തേയേ ,സംഖ്യയോ ക്യാരക്ടർ എന്ന പറയാം.

D – Debug – പ്രോഗ്രാമില്ലുള്ള തെറ്റുകൾ കണ്ടെത്തിതിരുത്തുക.

E – Extention Memory – കമ്പ്യൂട്ടറിന് പുറത്തുള്ള മെമ്മറി
ഫ്ളോപ്പിഡിസ്ക്,ടേപ്പ് മുതലായവ.

F – Field – റെക്കോർഡ് രൂപത്തിലുള്ള ഡാറ്റയുടെ ഒരു ഘടകം.

G – Gnu – operating syslem - ഒരു സ്വതന്ത്ര.

H – Halt – ഏതെകില്ലം പ്രത്യേക നിർദേശത്തിനനുസരിച്ച്
കമ്പ്യൂട്ടർ പ്രവർത്തനം നിൽക്കുന്ന അവസ്ഥ .

I – Input – വിവങ്ങൾമെമ്മറിയിലാക്കുന്ന പ്രക്രിയ.

J – Junk – അർത്ഥമില്ലാത്ത ഒരു ഡാറ്റ.

K - Kilo Byte – 1 കിലോ ബൈറ്റ് =1024 ബൈറ്റുകൾ.

L – Login – കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിന് മുൻപ് അത്
ഉപയോഗിക്കുന്നത ആളെ വേർതിരിച്ചറിയാൻ വേണ്ട നാം
ചില വിവരങ്ങൾ കമ്പ്യൂട്ടറിന് നൽകണം.

M - Mega byte – പത്തുലാക്ഷം ബൈറ്റ്സ് വരെയുള്ള ഡിസ്കുകളുടെ
സംഭരണശേഷി അളക്കുന്ന ഏകകം.

N – Network – ധാരാളം കമ്പ്യൂട്ടറുകൾ പരസപരം ബ പ്പിക്കുന്ന

സംവിധാനം.

O – Operatng system – കമ്പ്യൂട്ടറിൻെ പ്രവർത്തനം സാധ്യമാക്കു ന്നതിനാവശ്യമായ പ്രോഗ്രാമുകളുടെ ഒരു കൂട്ടം.

P – Pastition - കമ്പ്യൂട്ടറിൻെ ഹാർഡ് ഡ്രൈവിനെ പല ഭാഗങ്ങളായി തിരിക്കൽ.

Q – Query – സംഭഷണ രീതിയിൽ കമ്പ്യൂട്ടർ ഉപയോഗിക്കുമ്പോൾ ഒരു സേർവറിനോടോ ഡേറ്റാ ബേസിനോടോ ഉള്ള അഭ്യർത്ഥന.

R – Ram – കമ്പ്യൂട്ടറിൻെഅടിസ്ഥാന പരമായ മെമ്മറി.

S – Swap – ഒരു പ്രോഗ്രാം മാറ്റി മറ്റൊരു പ്രോഗ്രോം ഉപയോഗിക്കുക.

T – Tag - ഫയലുകൾ തിരിച്ചറിയാൻ വേണ്ടി നാം കൊടുക്കുന്നവിവരം.

U – Usenet – ഇൻർനെറ്റിലെ പൊതു ചർച്ചാവേദി.

V – Version – പ്രോഗ്രാമിൻെ ഏതെകിലും പതിപ്പിന് പറയുന്ന പേര് .

W – Window - സ്ക്രീനിൽ വിവരങ്ങൾ ചതുരാകൃതിയിലുള്ള ഒരു ബോക്സിൽ തെളയുക.

X – XSP – എക്സ്റ്റൻൻഡ് സെക് പ്രോസസ്സർ

Y – Yahoo – ഒരു സേർച്ച് എൻജിൻ.

Z – Zooming - കമ്പ്യൂട്ടറിൽ ഏതെകിലും ചിത്രമോ അല്ലെകിൽ ചിത്രങ്ങളോ വലുതാക്കിയോ ചെറുതാക്കിയോ കാണിക്കുക.

***സമ്പാദനം - Simsina.M***

## ഓർമയുടെ ജാലകം

എൻ മനസിൽ ഓളം തള്ളുന്ന എൻ വിദ്യാലയം

എൻ ജീവിതത്തിൽ സൗരഭ്യമായി മാറുന്ന

സൗഹൃദത്തിൻ നേർവഴിയിലൂടെ-
തോളൊരുമി നടന്നു ഞങ്ങൾ
എനിക്ക് വെളിച്ചമായ് ഗുരുക്കൻമാർ
ഓടി കളിക്കുന്നു എൻ-
മനസിൽൻ മുറ്റത്ത്....

**തീർത്ഥ**

# മരണം കാത്തുകിടക്കുന്ന കണ്ടൽക്കാടുകൾ

എ.സുജനപാൽ എന്ന പ്രശസ്തമായ പരിസ്ഥിതി പ്രവർത്തകന്റെ ലേഖനമാണ് "മരണം കാത്തുനിൽക്കുന്ന കണ്ടൽക്കാടുകൾ".

കണ്ടൽക്കാടുകളുടെ വംശോൽപ്പത്തി, പാരിസ്ഥിതികവിവരണങ്ങൾ, വിതരണം, ഉപയോഗങ്ങൾ, പ്രാധാന്യം എന്നിവ ഈ ചെറിയ പുസ്തകത്തിൽ സാധാരണ വായനക്കാർക്കുകൂടി മനസ്സിലാകുന്ന വിധത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

കണ്ടൽക്കാടുകളെക്കുറിച്ച് അടുത്തകാലത്ത് നടന്ന ഗവേഷണങ്ങളും അവയുടെ ഫലങ്ങളും ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു.1949 ഫെബ്രുവരി 1-ാം തിയ്യതി കോഴിക്കോട് അയ്യത്താൻ കുടുംബത്തിൽ ജനിച്ചു.

കോഴിക്കോട് നഗരത്തിൽ അവശേഷിക്കുന്ന കണ്ടൽക്കാടുകൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ബോധ്യമാണ് ഈ രൂപത്തിലുള്ള ചില ലേഖനങ്ങൾ എഴുതാൻ എന്നെ പ്രേരിപ്പിച്ചത്.'മരണം കാത്തുകിടക്കുന്ന കണ്ടൽക്കാടുകൾ'എന്ന ലേഖനം മാതൃഭൂമി വരാന്താപതിപ്പിൽ പ്രസിദ്ധീകരിച്ചപ്പോഴുണ്ടായ

പ്രകൃതി സ്നേഹികളുടെ പ്രതികരണം,കൂടുതൽ എഴുതാൻ എനിക്ക് പ്രചോദനം നൽകി.

കണ്ടൽകാടുകളുടെ സംരക്ഷണത്തിനും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടത്ര പ്രാധാന്യം ഉത്തരവാദപ്പെട്ട കേന്ദ്രങ്ങൾ നൽകുന്നില്ല എന്ന വിമർശനം തിള്ളിക്കളയാവുന്നതല്ല. ഇതിനെല്ലാംവേണ്ടി നിരവധി നിയമങ്ങൾ നമ്മുടെ നാട്ടിലുണ്ടെങ്കിലും പല പഴുതുകളും കണ്ടെത്തി പ്രകൃതിയെ ചൂഷണം ചെയ്യാൻ നിക്ഷിപ്തതാ താൽപര്യക്കാർ ശ്രമിക്കുന്നതുകൊണ്ടാണ് ഫലപ്രദമായി ഇവ നടപ്പിലാക്കാൻ കഴിയാതെ വരുന്നത്. നഗരവത്കരണത്തിന്റെ ഭാഗമായി നമ്മുടെ ചതുപ്പ് അവയിൽ ഉൾക്കൊള്ളുന്ന അപൂർവ്വ കണ്ടൽ വനങ്ങളും വംശനാശത്തെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെ പ്രതികരണം മാത്രമല്ല ഈ ഗ്രന്ഥം.

ഇത് ഒരു ഗഹനമായ പഠനമല്ല. കേരളത്തിലെ കണ്ടൽകാടുകളെ സംബന്ധിച്ചും ശാസ്ത്രീയ പഠനം അനിവാര്യമാണ്. ചില ഗവേഷണങ്ങളും പഠനങ്ങളും ഇതിനെ സംബന്ധിച്ച് നടത്തിയിട്ടുണ്ടെങ്കിലും അവയൊക്കെ പരിമിതമായി മാത്രമേ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളു. ഈ മേഖലയിൽ കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസിറ്റ്യൂട്ട്, കോഴിക്കോട്ടെ

സി.ഡബ്ല്യ.ആർ.ഡി.എം,കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങൾ തികച്ചും സ്വാഗതാർഹമാണ്.കണ്ടൽ വനസംരക്ഷണത്തിന് വേണ്ടി കേരള വനവകുപ്പും ചിലപദ്ധതികൾ ആവിഷ്കരിച്ച്  നടപ്പാക്കിവരുന്നുണ്ട്. ഇവയെല്ലാം പ്രതീക്ഷകൾ നൽകുന്ന  തോന്നുന്നു.പക്ഷെ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുക്കുമ്പോൾ ഇവയെല്ലാം പരിമിതമാണ് എന്ന് പറയാതിരിക്കാൻ വയ്യ.

അനുകാലിക പ്രസക്തമായ ഈ വിഷയം ചർച്ചചെയ്യപ്പെടണം എന്ന ഉദ്ദേശത്തോടെയാണ് ഈ പുസ്തകം അവതരിപ്പിക്കുന്നത്. പലപ്പോഴായി എഴുതിയ ലേഖനങ്ങളായതുകൊണ്ട് ആവർത്തനങ്ങൾ കണ്ടേക്കാം.മാത്രമല്ല ഈ വിഷയത്തെ സംബന്ധിച്ചിടത്തോളമുള്ള എന്റെ പരിമിതിയെക്കുറിച്ച് ഞാൻ തികച്ചും ബോധവാനുമാണ്.

ഈ ലേഖനങ്ങൾ എഴുതുന്നതിന് ആധികാരികരേഖകളും ഗവേഷണപ്രബന്ധങ്ങളും എനിക്ക് എത്തിച്ച തന്ന സുഹൃത്തുക്കളുടെ സഹായ സഹകരണങ്ങൾ നന്ദിപൂർവ്വം ഈ അവസരത്തിൽ സ്മരിക്കുന്നു.

ഈ ലേഖനങ്ങൾക്ക് അവയോടു ഒരുപാട് കടപ്പാടുണ്ട്.

ഈ ഗ്രന്ഥത്തിന് അവതാരിക എഴുതിതന്ന, എനിക്ക് ഗുരുതുല്യനായ അച്ചുതൻ സാറിനോടും ഇത് പ്രസിദ്ധീകരിക്കാൻ സഹകരിച്ച പ്രതാപൻ തായാട്ടിനോടും ഉള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

# ഇൻഫോബിറ്റ്സ്

## കാഴ്ചവിരുന്നൊരുക്കി Ubundu ഫ്ളേവറുകൾ

Kubundu,Lubundu തുടങ്ങി വ്യത്യസ്ത ഫ്ളേവറുകളിൽ Kubundu ലഭ്യമാണ്.Ubundu വിൻ ഓരോ റിലീസിനുമൊപ്പം ഈ ഫ്ളേവറുകളും പുതുക്കപ്പെടുന്നു .Latest ആയ 17.04-ഉം വ്യത്യസ്ത ഫ്ളേവറുകളിൽലഭ്യമാണ് .

എന്താണ് 'ഫ്ളേവറുകൾ ' ഹോം ,പ്രഫഷണൽ,അൾട്ടിമേറ്റ് തുടങ്ങി വ്യത്യസ്ത പതിപ്പുകളിൽ വിൻഡോസ് ലഭ്യമാണല്ലോ.കാഴ്ച എല്ലാം ഒരുപോലെ യെങ്കിലും വിലക്കൂടുന്തോറും സൗകര്യം കൂടുന്നത് പോലെ .

വിൻഡോസിൽ നിന്ന് വ്യത്യസ്തമായി ലിനക്സിൽ വ്യത്യസ്ത ഡെസ്ക്ടോപ്പ്എൻവയോൺമെൻറുകൾ ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിക്കനാവും. കാണാനുള്ള എളുപ്പം, വേഗം എന്നിവയെല്ലാം തീരുമാനിക്കന്നത് ഡെസ്ക് ടോപ്പുകളാണ്.ഒന്നിലെ മെനുവി ൻറസ്ഥാനവും ഭാവവുമാകില്ല മറ്റൊന്നിലെ മെനുവിന്. ഷോട്ട്കട്ടുകളും വ്യത്യസ്തമാണ്.ഓരു ലിനക്സ് പതി പ്പിൽ തന്നെ നമുക്ക് ഇഷ് ടമുള്ള ഡെസ്ക്ടോ പ്പു കളെല്ലാം ഇൻസ്റ്റാൾ ചെയ്യാം.

ലോഗിൻ ചെയ്യുമ്പോൾ ഏതിലേക്ക് കയറണമെന്നു തീരുമാനിക്കാം.ഡിഫോൾട്ടായി ഏത് ഡെസ്ക്ടോപ്പാണ് ലഭ്യം എന്നതാണ് ഫ്ളേവറുകൾ കൊണ്ട് മുഖ്യമായും ഉദ്ദേശിക്കുന്നത്. ഉദാഹരണത്തിന് Kubudu വിൽ ഉള്ളത് K Desklop Envionment(K D E)ആണ്. Lubudu വിൽ ഉള്ളത് L X D E ഡെസ്ക്ക്ടോപ്പ് ആണ്.എന്നാൽ ചില ഫ്ളേവറുകൾ ഡെസ്ക്ക് ടോപ്പിനേക്കാൾ പ്രാധാന്യം ലഭ്യമായ പാക്കേജുകൾക്കാണ്. ഉദാഹരണത്തിന് Ubudu സ്റ്റുഡിയോയിൽ ഡീഫോൾട്ടായി തന്നെ ധാരാളം പ്രാഡക്ഷൻ ടൂളുകൾ ഉണ്ടായിരിക്കും. edubundu ആകട്ടെ നിറയെ വിദ്യാഭ്യാസ

പാക്കേജുകളാണ്.

സാധാരണ Ubudu വിൽ ഉള്ളത് യൂണിറ്റി (Unitiy) ഡെസ്ക് ടോപ്പ് എൻവയോൺമെൻറാണ്. Ubuntu 11.04 ന് മുൻപ് വരെ ഇത് G N O M E 2 ആയിരിക്കും. ഇപ്പോൾ 17.10-ന്റെ G N O M E 3 ആണ് ഇത് ഏറെ പുരോഗമിച്ച ഡസ്ക്ടോപ്പ് എൺ വയോൺ മെൻറ്റണിത്. ഏതെങ്കിലുംമൊരു ഫ്ളേവർ തിരഞ്ഞെടുത്തു എന്ന് കരുതി മറ്റ് ഡെസ്ക്ടോപ്പുകൾ ലഭ്യമാകാതിരിക്കില്ല ആവശ്യമുള്ള ത്ര ഡെസ്ക്ടോപ്പുകൾ പിന്നീടെപ്പോൾ വേണമെങ്കിലും ഇൻസ്റ്റാൾ ചെയ്യാം.

| ഫ്ളേവർ | ഡെസ്ക്ടോപ്പ് | സവിശേഷത |
|---|---|---|
| ubuntu | GNOME 3 | അത്യാധുനിക 3 ആൻഡ്രോയിഡ്സമാന ആപ്പ് മെനു. |
| Kubuntu | KDE plaasma | നോളംപ്രസ്തമായ മറ്റൊരു ഡെസ്ക്ടോപ്പ്. |
| Lubuntu | LXDE | ആകർഷണീയതേക്കാൾ വേഗതയക്കും കാര്യക്ഷമതയ്ക്കും പ്രാധാന്യം. |
| Xubuntu | Xfce | LXDE യക്ക്സമാന ഉദ്ദേശ്യ ലക്ഷ്യം. |
| UbuntuMate | MATE | പഴയ 2 തുടർച്ചപരമ്പരാഗത Application places മെനുകൾ മുകളിലുംതാഴെയും പാനലുകൾ. |

| | | |
|---|---|---|
| UbuntuBudgie | Budgie | ആധുനികതയും ലാളിത്യവും സമന്വയിപ്പിച്ചത്. |

*ഇതിനെല്ലാം പുറമെ ചൈനീസ് ഉപയോക്താക്കളെ പ്രത്യേകം ലക്ഷ്യമിട്ട് ubuntu Kylim എന്ന ഫ്ളേവറും ഉണ്ട്.*

സ്നേഹ സുനിൽ

# Miracle which calls me back to LIFE

I wish for a miracle in my life,
Miracle which will take me back to life,
Before I take a wrong step,
Please do call me back.
I know I don't want your past,
But still I am a girl it will last,
At least in a corner which will say,
He was like that one day
I know I am selfish for you,
I don't want anyone before you,
I will start and end within you,
That's my promise with you.
It's true, I loved one once.
I couldn't end it all at once
But the movement I realised he wasn't my half,
I left it all in a movement or half.
But your story just pricked me,
I know you haven't tricked me.
For a movement I thought you cheated,
That's why I told, I deleted.
No, I could never do that with you
'coze , I have found my half in you.
I knew all will turn just a misunderstanding,
I know you are quite understanding.
I do study a few lectures,
But you know I am'nt mature
I know we both are imperfect,
So we can treat each with respect
I still want you to call me,
A call back to life from you is
enough for me.
I just want that miracle,
Miracle which will call me back to life

**Bhuvana R Pai**
**D/o S Rajeev Rao,**
**HST Maths**
**GVHSS Mampad**

# പ്രണയം

പ്രണയം!
അതെന്താണ്?
അർഥമുള്ള മൂന്നക്ഷരങ്ങൾ ചേർന്ന
അർഥം കണ്ടെത്താനാവാത്ത പദമോ?
വിടർത്താൻ കഴിയാത്ത നൂലിഴകളാൽ
ബന്ധിച്ചിരിക്കുന്ന
കാഠിന്യമേറിയ വസ്തുത്തിന്റെ
മൃദുലതയോ?
മടുപ്പിക്കുന്ന ഏകാന്തതയിൽ
കനിഞ്ഞിറങ്ങുന്ന ഊർജസ്വലതയോ? ആഹ്ലാദിക്കുവാൻ,
മനംനൊന്തു
കരയുവാൻ
ജീവിതമധ്യത്തിലറിയാതെ കൈവന്ന
അമൂല്യരത്നമോ?
ആവാം!
കാലം സാക്ഷി!
സുഹൃത്തേ,
ഇരുണ്ടനിലാവിൽ
ഓക്കുമരങ്ങൾക്കിടയിൽ
നിന്നെ ഞാൻ കണ്ടു കൊണ്ടിരിക്കും........
നിന്റെ നിറഞ്ഞ പുഞ്ചിരിയുടെ പേരാണല്ലോ യഥാർഥത്തിൽ
പ്രണയം! -....................:...................

സിനി പി എസ്